# ദർപ്പണം

ഡിജിറ്റൽ മാഗസിൻ



## സി. എം.എസ്.എച്ച്.എസ്, പുന്നവേലി

# എഡിറ്റോറിയൽ

പുന്നവേലിയുടെ അക്ഷരവിളക്കായി ശോഭിക്കുന്ന സി. എം. എസ് ഹൈസ്കൂൾ കുട്ടികളിലെ പാഠ്യ പാഠ്യേതര വിഷയങ്ങളിലെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ എന്നും മുൻപന്തിയിലാണ്. കാലം മാറുന്നതിനനുസരിച്ച് കലയും സാഹിത്യവും മാറുന്നു. താളുകളിൽ മാത്രം ഒതുങ്ങിയിരുന്ന മാഗസിനുകൾ കാലത്തിനൊത്ത് മാറ്റം വരുത്തി ഡിജിറ്റൽ ആയിരിക്കുന്നു. പുതുതലമുറയിലേക്ക് അറിവുകൾ പകർന്ന് നൽകുക എന്ന ഉദ്ദേശത്തോടെ 'ദർപ്പണം' എന്ന ഡിജിറ്റൽ മാഗസിൻ ഞങ്ങൾ ഒരുക്കിയിരിക്കുന്നു. വായനയുടെ വിസ്മയലോകത്തിലൂടെ നമുക്ക് സഞ്ചരിക്കാം.

ആസ്വാദകർക്കായി സസ്നേഹത്തോടെ,

എഡിറ്റർ.

# ആമുഖം

വിദ്യാലയങ്ങൾ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങൾ പരിപാലിക്കുന്നതിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഒരു കൂട്ടം വിദ്യാർഥികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുവാൻ വേണ്ടി തുടങ്ങിയ 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' എന്ന പദ്ധതി കൂടുതൽ പരിഷ്കാരങ്ങളോടെ 'ലിറ്റിൽ കൈറ്റ്സ്' എന്ന പേരിൽ ഇന്ന് പ്രവർത്തിച്ച് വരുന്നു. സാങ്കേതിക വിദ്യയിലും നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുക എന്നതാണ് ഈ കൂട്ടായ്മയുടെ രൂപകൽപ്പന കൊണ്ട് ലക്ഷ്യമാക്കിയിരിക്കുന്നത്.

ലിറ്റിൽ കൈറ്റ്സിൻ്റെ പ്രവർത്തനങ്ങളോടനുബന്ധിച്ച് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വളരെ താൽപര്യത്തോടും സന്തോഷത്തോടും ഒരു ഡിജിറ്റൽ മാഗസിൻ പൂർത്തീകരിച്ചിരിക്കുന്നു. കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ഈ മാഗസിന് കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

# ഉള്ളടക്കം


- ലിറ്റിൽ കൈറ്റ്സ്
- എന്റെ വിദ്യാലയം
- സൗഹൃദം
- പുഴ
- കേരളത്തിലെ നാടൻ കലകൾ
- ശക്തി
- വായനയുടെ മഹത്വം

# ലിറ്റിൽ കൈറ്റ്സ്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

Nirupama N R

Std IX A

# എന്റെ വിദ്യാലയം

സി. എം. എസ്. ഹൈസ്കൂൾ പുന്നവേലി എന്നാണ് ഞങ്ങളുടെ സ്കൂളിന്റെ പേര്. നഗരത്തിന്റെ തിരക്കുകളിൽ നിന്നും മാറി വളരെ ശാന്തമായ അന്തരീക്ഷത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ചുറ്റും പച്ചപ്പാണ്. അതുമൂലം പരിസ്ഥിതി ശുദ്ധമായി തുടരുകയും ശുദ്ധവായു ലഭിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ സ്കൂളിന്റെ കാമ്പസ് വളരെ വലുതാണ്. സ്കൂൾബസ്സുണ്ടെങ്കിലും മിക്ക കുട്ടികളും കാൽനടയായിട്ടാണ് സ്കൂളിൽ എത്തുന്നത്. ഞങ്ങളുടെ സ്കൂളിലെ അധ്യാപകരെല്ലാം വളരെ സൗഹൃദമുള്ളവരാണ്. സാധ്യമായ എല്ലാ വഴികളിലും അവൻ കുട്ടികളെ സഹായിക്കുന്നു.

ഞങ്ങളുടെ സ്കൂളിൽ എല്ലാ വർഷവും പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ നടക്കാറുണ്ട്. കായിക പ്രവർത്തനങ്ങൾ, ക്വിസ് മത്സരങ്ങൾ, ഗ്രൂപ്പ് ചർച്ച, സ്കൂളിലെ മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കെടുക്കാൻ ഞങ്ങളുടെ അധ്യാപകൻ എല്ലായ്പ്പോഴും ഞങ്ങളെ പ്രേരിപ്പിക്കുന്നു. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം, കലോൽസവം, കായികം , ജെ. ആർ. സി, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവയിൽ പങ്കെടുക്കുന്നതിലൂടെ നമ്മുടെ മറഞ്ഞിരിക്കുന്ന കഴിവുകൾ കണ്ടെത്തി നമ്മെത്തന്നെ അഭിമുഖം ചെയ്യുവാൻ സാധിക്കുന്നു.

കായിക പ്രവർത്തനങ്ങളുടെ ഭാഗമായി ഞങ്ങളുടെ സ്കൂളിൽ ഫുട്ബോൾ, വോളീബോൾ, ബാഡ്മിന്റൻ തുടങ്ങിയവ പരിശീലിപ്പിച്ചുവരുന്നു.

ഞങ്ങളുടെ സ്കൂളിലെ ഓരോ ക്ലാസ്സുറികൾ വിശാലവും വായുസഞ്ചാരമുള്ളതുമാണ്. ക്ലാസ് മുറികൾക്ക് പുറമെ, പ്രായോഗിക ലാബുകൾ, സ്വയം പഠിക്കാൻ വായനശാല തുടങ്ങിയവയും ഉണ്ട്.ഞങ്ങൾക്ക് ഈ വിദ്യാലയത്തിൽ അനേകം സുഹൃത്തുക്കൾ ഉണ്ട്. നല്ല സുഹൃത്തുക്കൾ ഉണ്ടെങ്കിൽ അതു തന്നെയാണ് ജീവിതത്തിൽ ലഭിച്ച ഏറ്റവും വലിയ സൗഭാഗ്യമെന്ന് വിശ്വസിക്കുന്നവരാണ് നമ്മളെല്ലാവരും. കാരണം ഒരാളുടെ ജീവിതത്തിൽ സുഹൃത്ത് ബന്ധങ്ങളേക്കാൾ സ്വാധീനം ചെലുത്തുന്ന മറ്റൊന്നില്ല. ഞങ്ങളൾക്ക് ഈ വിദ്യാലയത്തിൽ അനേകം സുഹൃത്തുക്കൾ ഉണ്ട്.

ഇത്രയേറെ സൗകര്യങ്ങളുള്ള ഈ സ്കൂളിൽ പഠിക്കുവാൻ സാധിച്ചത് എന്റെ ഭാഗ്യമാണ്.

Diya Susan Ambat
Std IX A


# സൗഹൃദം

ശരം വലിച്ചൂരികൊണ്ട്

യുദ്ധമുഖത്തുനിന്നും.ഒരുപോരാളി
വിളിച്ചുപറഞ്ഞു നമ്മുടെ
ധീരനായ
പോരാളിയുടെ ഹൃദയത്തിന്
മുറിവേറ്റിരിക്കുന്നു.
ധീരൻ അവിടെ തന്നെ മരിച്ചു.
പുസ്തകത്തിൽ നിന്നും
തലയുയർത്തികൊണ്ട്
തലുയർത്തികൊണ്ട്
സുഹൃത്ത് ചോദിച്ചു-
എടാ നിന്റെ ഹൃദയത്തിന്
മുറിവേറ്റിട്ട്
നീ എന്തു കൊണ്ട് മരിച്ചില്ല
അവൻ പറഞ്ഞു-
നിന്നെ പോലുള്ള ഒരു സുഹൃത്ത്
ഉള്ളതു കൊണ്ട് മാത്രം



**Arjun Prakash**
**Std IX A**



# പുഴ

ചില നേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണട-
ച്ചേറ്റുവാങ്ങീടണം
ചിലനേരമാ ഗാഢ
മൗനവും,നീലിച്ച
നിലാവിന്റെ പൂക്കളും
ചേർത്തുവച്ചീടണം
അതുപോൽ നിരർത്ഥ-
മെങ്കിലും കൂരിരുൾ
കുത്തി ഒലിച്ചീടുന്നു
ആ പുഴ.........

Aksa Varghese
Std IX B

# കേരളത്തിലെ നാടൻ കലകൾ

ഭൂപ്രകൃതികൊണ്ടും കാലാവസ്ഥകൊണ്ടും ഐശ്വര്യം തിളങ്ങുന്ന നാടാണ് കേരളം. കാവുകളും നീർത്തടങ്ങളും ചെറിയ കുന്നുകളും നിറഞ്ഞ കേരളത്തിന്റെ മുഖശ്രീ തന്നെ നിരവധി കലാരൂപങ്ങൾക്ക് ജന്മം നൽകാൻ പോരുന്നവയാണ്. വൈവിധ്യമാർന്ന കലാരൂപങ്ങൾ പരിശോധിച്ചാൽ അവയെല്ലാം ജനങ്ങളുടെ സംസ്കൃതിയുമായി ബന്ധമുണ്ടെന്നു കാണാം. നിരവധി അനുഷ്ഠാനങ്ങളുടെ കേളീരംഗമാണ് കേരളം. ജനനം, വിവാഹം, മരണം എന്നിവയുമായി ബന്ധപ്പെട്ട ചില കർമ്മങ്ങൾക്കും കേരളത്തിലെ നാടൻ കലകളിൽ വേരുണ്ട്. നന്മകൾ, ഐശ്വര്യം വരുത്തുന്ന കർമ്മങ്ങൾ എന്നിവയുടെ കേദാരമാണ് ഓരോ കലാരൂപവും. ഓരോ കലാരൂപവും ഒന്നിനൊന്ന് വൈവിധ്യം പുലർത്തുന്നു. താളത്തിൽ വേഷത്തിൽ നൃത്തരൂപത്തിൽ സങ്കീതത്തിൽ സങ്കീതോപകരണങ്ങളുടെ കാര്യത്തിൽ – അങ്ങനെ എല്ലാത്തിലും വ്യത്യസ്തത പുലർത്തുന്നവയാണ് നാടൻകലാരൂപങ്ങൾ.
കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട നിരവധി നാടൻകലാരൂപങ്ങൾ കേരളത്തിലുണ്ട്.

അനുഷ്ഠാനകലാരൂപങ്ങളായ കഥകളിയുടേയും തുള്ളലിന്റേയും പ്രാഗ്രൂപങ്ങൾ ഈ നാടൻ കലകളിൽ തെളിയുകയും ചെയ്യുന്നു. പൂരക്കളി, കതിരുകാളക്കളി, അർജ്ജുനനൃത്തം, കുമ്മാട്ടി, ഉറിയടി, ഐവർകളി, കുത്തിയോട്ടം, പരിചമുട്ടുകളി, കോൽകളി, സംഘക്കളി, കടുവാക്കളി, പുലികളി, അശകശലക്കളി തുടങ്ങിയവയെല്ലാം കേരളത്തിലെ സാധാരണ മനുഷ്യരുടെ വിനോധസംസ്കാരവുമായി ബന്ധപ്പെട്ടതാണ്. തമിഴിന്റെ സ്വാധീനം കലർന്ന ഒരു ആവിഷ്കാരരൂപമാണ് തോൽപാവകൂത്ത്. തമിഴിൽ വളരെ ജനപ്രീതിയാർജിച്ച കലാരൂപമാണ് പാവകളി. രാമായണമാണ് ഇതിവൃത്തം.

കേരളത്തിലെ നാടോടി സംസ്കാരത്തിന് തിലകക്കുറി നാടൻപാട്ടുകളും അതുമായി ബന്ധപ്പെട്ട കലാരൂപങ്ങളുമാണ്. സമൂഹത്തിന്റെ താഴേത്തട്ടിൽ ജനിച്ചുവളർന്ന ആളുകളുടെ വാമൊഴിയിൽ ഉയിർക്കൊണ്ട വാങ്മയ രൂപങ്ങളാണ് നാടോടിപ്പാട്ടുകൾ. കൊയ്ത്തിനുമുമ്പ് കതിരുനാട്ടി നടത്തുന്ന കതിരുൽസവം നാടോടിപ്പാട്ടിന്റെ അലങ്കാരത്തോടെ നടത്തുന്ന ഒന്നാണ്. സാമൂഹിക ജീവിതചിത്രങ്ങൾ അനാവരണംചെയ്യുന്ന ഞാറ്റുപാട്ടുകൾ, കൃഷിപ്പാട്ടുകൾ, തേക്കുപാട്ടുകൾ, തോറ്റംപാട്ടുകൾ, കല്യാണപ്പാട്ടുകൾ, തുമ്പിപ്പാട്ടുകൾ

വടക്കൻകേരളത്തിലെ തെയ്യം, തിറ, പൂരക്കളി തുടങ്ങിയവയും തെക്കൻകേരളത്തിലെ കുത്തിയോട്ടം കമ്പടവുകളി തുടങ്ങിയവയും മതപരമായ ബന്ധംകൊണ്ട് ശക്തി പ്രാപിച്ചവയാണ്. പാട്ടും നൃത്തവും സമ്മേളിച്ചാണ് മുന്നേറുന്നത്. പാട്ടിന്റെ വായ്ത്താരിക്ക് അവലംബമായി നൃത്തച്ചുവടുകൾ ഉണ്ട്. വടക്കൻകേരളത്തിലെ കലാരൂപങ്ങളിൽ ഗണനീയസ്ഥാനം അലങ്കരിക്കുന്നത് തെയ്യമാണ്. തെയ്യം ഒരു അനുഷ്ഠാനകലയാണ്. ആസ്തിക്യബോധവും അനുഷ്ഠാനവിശ്വാസവും ഇടകലർന്നാണ് ഈ കലാരൂപം വളർച്ച പ്രാപിച്ചത്.

കാളിക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ധാരാളം കലാരൂപങ്ങൾ പ്രചാരത്തിലുണ്ട്. കാളിയുടെ രൂപം 'മുടി' {കിരീടം} എഴുന്നള്ളിക്കുന്ന ' മുടിയേറ്റ്' വളരെ പ്രശസ്തമായ നാടൻ കലയാണ്. അനുഷ്ഠാന കലാരൂപമാണ് മുടിയേറ്റ്. കാളിയും ദാരികനും തമ്മിലുള്ള പോർവിളിയും യുദ്ധവും അടങ്ങുന്ന നൃത്തകലാരൂപമാണ് മുടിയേറ്റ്.കോലം തുള്ളൽ എന്ന് ചില സ്ഥലങ്ങളിലും പടയണി എന്ന് മറ്റ് ചില സ്ഥലങ്ങളിലും വ്യവഹരിക്കുന്ന കലാരൂപവും ദേവിയുമായി ബന്ധപ്പെട്ടതാണ്. മലബാറിലെ മുസ്ലീങ്ങൾ ആവിഷ്കരിക്കുന്ന കോൽക്കളിയും ക്രിസ്ത്യാനികളുടെ ചവിട്ടുനാടകവും കേരളത്തിൽ രൂപംകൊണ്ട ചില കലാരൂപങ്ങളുടെ സാമാന്തര വിഭാഗങ്ങൾതന്നെ.

നാടൻ കലകൾ ആസ്വദിക്കുക, അവ പ്രചരിപ്പിക്കുക എന്നിവ രണ്ടുമാണ് കലകൾ അന്യംനിന്നു പോകാതെ രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ. അതിനെ കുറിച്ചുള്ള ബോധംകൂടി ഇതോടൊപ്പം ഓരോ മലയാളിക്കും ഉണ്ടാകേണ്ടതാണ്.



Jabez Tom Robin
Std IX A

# ശക്തി

മൗനത്തിന്റെ ശക്തി
ശബ്ദത്തിനറിയാം
വെളിച്ചത്തിന്റെ ശക്തി
ഇരുട്ടിനറിയാം
സത്യത്തിന്റെ ശക്തി
അത്,കളവിനറിയാം
ശരിയുടെ ശക്തി
അത്,തെറ്റിനറിയാം

എന്നാൽ.......
ധൈര്യത്തിന്റെ ശക്തി
അത്, ധീരന്മാർക്കേ
അറിയൂ.......

Arush Ajith
Std IX B

# വായനയുടെ മഹത്വം

വായന നമുക്കുതരുന്നത് അറിവാണ്

വായനയിലൂടെ നാം അറിവ് നേടുന്നു. വായനയിലൂടെ തന്നെ നാം അറിവും നല്ല വിദ്യാഭ്യാസവും നേടുന്നു. വായന നമ്മളെ പല ചിന്തകളിലേക്കും നയിക്കുന്നു. വായന നമ്മളിലെ കഴിവുകൾ ഉയർത്തു വായിക്കും തോറും നാം നല്ല നല്ല കാര്യങ്ങൾ ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. വായന നമുക്ക് അറിവാണ് തരുന്നത് വായന മനുഷനിൽ നല്ല ചിന്തയും നല്ല ബുദ്ധിയും തരുന്നു. വായന നമ്മുടെ ഉള്ളിൽ കിടക്കുന്ന നല്ല ചിന്തകളെ ഉണർത്തുന്നു. വായനയിലൂടെ നമുക്കു കിട്ടുന്നത് നല്ല നല്ല കാര്യങ്ങൾ ചെയ്യാനും ഓരോരോ കാര്യങ്ങളിലും നല്ലത് പ്രവർത്തിക്കാനും വായന പ്രേരിപ്പിക്കുന്നു. വായന നമ്മളിലൂടെ നല്ലത് പ്രവർത്തിക്കുന്നു ഇന്നത്തെ കാലത്ത് ഓരോ മനുഷ്യനും വായിക്കാനും ഒന്നിനും സമയം ലഭിക്കുന്നില്ല. കാരണം ഓരോരുത്തരും അവരവരുടെ നിരാശയിൽ ഒതുങ്ങുന്നു. ആർക്കും വായിക്കാനൊന്നും സമയം അവർ മാറ്റി വയ്ക്കുന്നില്ല. എന്നാൽ കുറച്ചുനേരമെങ്കിലും വായിക്കാൻ സമയം കുറച്ച് മാറ്റിവെച്ചാൽ നമ്മുടെ ഉള്ളിലെ കുറച്ചു വേദനകളും അടങ്ങിയതുംപോലെ നമുക്കു തോന്നുന്നു.

ഓരോമനുഷനും തന്റെ തെറ്റ് മനസിലാക്കാതെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ കുറച്ചുനേരമെങ്കിലും വായനയ്ക്കുവേണ്ടി സമയം മാറ്റിവെച്ചാൽ കുറച്ചു സമാധാനം ഉണ്ടാകും അതുകൊണ്ട് വായന നമ്മളിലൂടെ തരുന്നത് നല്ല ബുദ്ധിയും നല്ല ചിന്തകളുമാണ് നാം നേടുന്നത്. വായനകൊണ്ട് തന്നെ നാം അറിവും വിവേകവും നേടുന്നു. വായന നമ്മളിൽ നല്ല ചിന്തകളും നല്ല ബുദ്ധിയേയും പകരുന്നു. അതുകൊണ്ട് തന്നെ വായന മനുഷ്യന് ഒരു ഉചിതമായ കാര്യം തന്നെയാണ്. അതുപോലെ തന്നെയാണ് ബാലരമ ബാലരമകുട്ടികൾ വായിച്ച് അവർക്ക് അതിന്റേതായിട്ടുള്ള വായിക്കാനുള്ള ഉത്സാഹവും ഉണ്ടാക്കുന്നു. ബാലരമ മുതിർന്നവർക്കും പ്രായമുള്ളവർക്കും വായിക്കാൻ നല്ലതാണ് അതുപോലെ തന്നെയാണ് പത്രം. പത്രം വായിക്കുംതോറും നമ്മുക്ക് പുതിയ പുതിയ ആശയങ്ങൾ ലഭിക്കുന്നു. വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും കുഞ്ഞുണ്ണി മാഷിന്റെ ഈ വരികൾ ഏറെ ശ്രദ്ധേയമാണ്.

Nohan Manoj
Std IX A



